# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3213** **15.02.2013-ൽ മറുപടിക്ക്**

## കെ. എസ്. ടി. പി. യുടെ രണ്ടാംഘട്ട വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ടി. പി. യുടെ രണ്ടാംഘട്ട വികസനത്തിന് എത്ര കി.മീ റോഡാണ് തെരഞ്ഞെടുത്തത്; ഇതിനുള്ള ഫണ്ടിന്റെ സ്രോതസ്സ് ഏതെല്ലാം സ്രോതസ്സ് വഴിയാണ് കണ്ടെത്തിയിട്ടുള്ളത് ; | (എ) കെ.എസ്.ടി.പി രണ്ടാംഘട്ട പദ്ധതിയിൽപ്പെടുത്തി 363 കി.മീ റോഡാണ് അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ലോകബാങ്കും കേരള സർക്കാരുമാണ് ഇതിനുള്ള ഫണ്ട് നൽകുന്നത്. |
| (ബി) ഇത് ഏതെല്ലാം ജില്ലകളിൽ എത്ര കി. മീറ്റർ വീതമാണെന്ന് വ്യക്തമാക്കുമോ: | (ബി) 6 റോഡുകൾ 20.90 കി.മീ ദൈർഘ്യമുള്ള പിലാത്തറ - പാപ്പിനിശ്ശേരി റോഡ് കണ്ണൂർ ജില്ലയിലും 27.76 കി.മീ. ദൈർഘ്യമുള്ള കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് കാസർഗോഡ് ജില്ലയിലും, 53.12 കി.മീ ദൈർഘ്യമുള്ള തലശ്ശേരി - വളവുപാറ റോഡ് കണ്ണൂർ ജില്ലയിലും 87.90 കി.മീ ദൈർഘ്യമുള്ള ചെങ്ങന്നൂർ - ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് - ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എറണാകുളം എന്നീ ജില്ലകളിലും, 132.22 കി.മീ ദൈർഘ്യമുള്ള പുനലൂർ - പൊൻകുന്നം-തൊടുപുഴ റോഡ് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലും 41.00 കി.മീ ദൈർഘ്യമുള്ള പെരിമ്പിലാവ് - പട്ടാമ്പി - പെരിന്തൽ മണ്ണ റോഡ് പാലക്കാട്, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലും ആണ്. |
| (സി) ലോകബാങ്ക് സഹായം ലഭ്യമായിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണ് ലഭിച്ചത്; വ്യക്തമാക്കുമോ ; | (സി) ലേകബാങ്കിൽ നിന്ന് 141 മില്ല്യൻ യു.എസ്. ഡോളർ ധനസഹായം ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾ നടന്നു വരുന്നു. |
| (ഡി) രണ്ടാംഘട്ട വികസനത്തിന് നടപ്പുസാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ എന്തു തുകയാണ് വകയിരുത്തിയത്; പ്രസ്തുത തുക മുഴുവൻ ചെലവഴിക്കുകയുണ്ടായോ: വിശദമാക്കുമോ ? | (ഡി) നടപ്പു സാമ്പത്തിക വർഷം 25 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ